**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2902** **22-01-2021 - ൽ മറുപടിയ്ക്ക്**

**താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര ,<br>ശ്രീ . വി .എസ്. ശിവകുമാർ,<br>ശ്രീ . എം . വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | **Shri. T. P . Ramakrishnan**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളിൽ താല്ക്കാലിക/ദിവസവേതന/ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി നോക്കിവന്നിരുന്ന ജിവനക്കാരെ 2016 മെയ് മാസത്തിന് ശേഷം സ്ഥിരപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ; | (എ) | (എ) യും (ബി) യും തൊഴിൽ വകുപ്പിന് കീഴിലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന 24 ബോർഡ് ജീവനക്കാരെയും, കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒരാളെയും, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുകൊണ്ടിരുന്ന 2 ക്ലാർക്കുമാരെയും, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 3 പാർട്ട് ടൈം സ്വീപ്പർമാരെയും, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) - ൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന 3 താൽക്കാലിക ജീവനക്കാരെയും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലെ അഞ്ചൽ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ഒരു ജീവനക്കാരനെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഓരോ സ്ഥാപനത്തിലും എത്ര പേരെ വീതം സ്ഥിരപ്പെടുത്തിയെന്നറിയിക്കുമോ ; | (ബി) | (എ) യും (ബി)യും തൊഴിൽ വകുപ്പിന് കീഴിലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന 24 ബോർഡ് ജീവനക്കാരെയും, കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒരാളെയും, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുകൊണ്ടിരുന്ന 2 ക്ലാർക്കുമാരെയും, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 3 പാർട്ട് ടൈം സ്വീപ്പർമാരെയും, കേരള |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) - ൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന 3 താൽക്കാലിക ജീവനക്കാരെയും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലെ അഞ്ചൽ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ഒരു ജീവനക്കാരനെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇപ്രകാരം താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് സുപ്രീംകോടതിയുടെ ഉമാദേവി v/s സ്റ്റേറ്റ് ഓഫ് കർണ്ണാടക എന്ന കേസിലെ ഉത്തരവിന് വിരുദ്ധമല്ലേ; വ്യക്തമാക്കുമോ; | (സി) | (സി) യും (ഡി) യും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലെ അഞ്ചൽ ഇ. എസ് ഐ. ഡിസ്പെൻസറിയിൽ ഒരു ജീവനക്കാരനെ സ്ഥിരപ്പെടുത്തിയ നടപടി അംഗപരിമിതർക്കു വേണ്ടി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ WP(C)No. 5168/18 നമ്പർ കേസിലെ 06.03.2019-ലെ വിധിന്യായപ്രകാരം ഒരു ജീവനക്കാരന്റെ സർവ്വീസ് റഗുലറൈസ് ചെയ്തിട്ടുണ്ട്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് ശമ്പള സ്കെയിലിൽ പ്രവൃത്തി എടുത്ത് വന്നിരുന്ന മൂന്ന് പാർട്ട് ടൈം സ്വീപ്പർമാർ 15 വർഷത്തിലധികം സർവ്വീസ് പൂർത്തിയാക്കിയ സാഹചര്യത്തിൽ സർവ്വീസ് റഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്. സ്ഥിരപ്പെടുത്തൽ നടപടികൾ, പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭാ തീരുമാന പ്രകാരമാണ് കൈക്കൊണ്ടിട്ടുള്ളത് . |
| (ഡി) | താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ധനകാര്യവകുപ്പും നിയമവകുപ്പും അനുകൂലമായ നിലപാടാണോ സ്വീകരിച്ചത്; അല്ലെങ്കിൽ പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | (സി) യും (ഡി) യും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലെ അഞ്ചൽ ഇ. എസ് ഐ. ഡിസ്പെൻസറിയിൽ ഒരു ജീവനക്കാരനെ സ്ഥിരപ്പെടുത്തിയ നടപടി അംഗപരിമിതർക്കു വേണ്ടി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ WP(C)No. 5168/18 നമ്പർ കേസിലെ 06.03.2019-ലെ വിധിന്യായപ്രകാരം ഒരു ജീവനക്കാരന്റെ സർവ്വീസ് റഗുലറൈസ് ചെയ്തിട്ടുണ്ട്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് ശമ്പള സ്കെയിലിൽ പ്രവൃത്തി എടുത്ത് വന്നിരുന്ന മൂന്ന് പാർട്ട് ടൈം സ്വീപ്പർമാർ 15 വർഷത്തിലധികം സർവ്വീസ് പൂർത്തിയാക്കിയ സാഹചര്യത്തിൽ സർവ്വീസ് റഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്. സ്ഥിരപ്പെടുത്തൽ നടപടികൾ, പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭാ തീരുമാന പ്രകാരമാണ് കൈക്കൊണ്ടിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ